# സ്കൂൾ മാസ്റ്റർ പ്ലാൻ

## 2025-2026

## സെന്റ് മേരിസ് എൽ.പി.എസ്

## മേരിലാന്റ്

# സ്കൂൾ മാസ്റ്റർ പ്ലാൻ 2025-26

## സെന്റ്. മേരീസ് എൽ. പി സ്കൂൾ മേരിലാന്റ്

1915 മെയ് മാസത്തിൽ നാട്ടുകാരുടെ ശ്രമഫലമായി ഈ സ്കൂൾ സ്ഥാപിതമായി. വരക്കുകല്ല് മലയാളം പ്രൈവറ്റ് സ്കൂൾ എന്നായിരുന്നു സ്കൂളിന്റെ പേര്. ശ്രീ വർക്കി തെങ്ങുംപള്ളിൽ ആയിരുന്നു സ്കൂൾ സ്ഥാപിക്കുന്നതിന് മുന്നിട്ടിറങ്ങിയതും ആദ്യത്തെ സ്കൂൾ മാനേജരും. വേലുകാവ് ഭാഗത്തുള്ള ഒരു സ്കൂൾ പരിശോധിക്കുന്നതിനായി കാൽനടയായി പോകുമ്പോൾ അന്നത്തെ വിദ്യാഭ്യാസ ഓഫീസർ ശ്രീ വർക്കിയുടെ വീട്ടിൽ വിശ്രമിച്ചു. ഈ ഓഫീസറിൽ നിന്ന് ലഭിച്ച പ്രചോദനമാണ് സ്കൂൾ ആരംഭിക്കുന്നതിന് നിമിത്തമായത്. നാട്ടുകാരുടെ സഹകരണത്തോടെ ഒരു ഷെഡ് പണിത് അതിൽ ക്ലാസുകൾ ആരംഭിച്ചു.

കാഞ്ഞിരത്തുങ്കൽ തൊമ്മൻ വർക്കി കൊച്ചുപറമ്പിൽ ആഗസ്തി ചെമ്മേലിക്കുടിയിൽ ഔസേപ്പ് മത്തായി, അഞ്ചുകണ്ടത്തിൽ കുഞ്ഞൂഞ്ഞ് പാമ്പയ്ക്കൽ മത്തായി എന്നിവർ അടങ്ങിയ

ഒരു കമ്മറ്റിയായിരുന്നു പിന്നീട് സ്കൂൾ നടത്തിയിരുന്നത്. ശ്രീ പാമ്പയ്ക്കൽ മത്തായി ആയിരുന്നു പിന്നീട് മാനേജർ. സമീപത്തെങ്ങും സ്കൂകൾ ഇല്ലാതിരുന്നതിനാൽ മേലുകാവുമറ്റം, നീലൂർ കടനാട്, കുറുമണ്ണ്, പയസ്മൗണ്ട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കുട്ടികൾ കാൽനടയായി ഇവിടെ വന്ന് പഠിച്ചിരുന്നു.

1949 നവംബർ 1-ാം തിയതി റവ. ഫാ. സി. റ്റി കൊട്ടാരം അച്ചൻ ഈ പ്രദേശത്ത് ഒരു പള്ളിക്ക് തറക്കല്ലിടുകയും ഈ പ്രദേശത്തിന് വേരിലാന്റ് എന്ന മനോഹരമായ പേര് നൽകുകയും ചെയ്തു. അന്നു മുതൽ സ്കൂളിന് സെന്റ് വേരിസ് എൽ.പി.എസ് വേരിലാന്റ് എന്ന പേര് ലഭിച്ചു. 1950 ഏപ്രിൽ മാസത്തിൽ ഇടവക സ്ഥാപിതമായി. 1962-ൽ കാരൂർ ഇടവക വ്യക്തിയൻ പള്ളിയിൽ ബഹുമാനപ്പെട്ട ജോസ ഏപ്പച്ചന്റെ കാലത്താണ് സ്കൂളിന്റെ പഴയ കെട്ടിടം പണി തുടങ്ങിയതും സ്കൂൾ പാലാ കോർപ്പറേറ്റിന്റെ കീഴിലായതും തുടർന്നു വന്ന ബഹുമാനപ്പെട്ട ജേക്കബ് കട്ടത്താനായിൽ അച്ചൻ സ്കൂൾ പണി പൂർത്തിയാക്കുക

കയറും മുറ്റത്തിന്റെ പടവും മതിൽ കെട്ടുകയും ചെയ്തു. 1969-ൽ ബഹുമാനപ്പെട്ട ആന്റണി പെരുമ്പായിലച്ചൻ KER പ്രകാരം സ്കൂൾ കെട്ടിടം പുതുക്കി പണിതു. 1975-ൽ കാര്യപ്പുറത്ത് ബഹു. ജോസഫച്ചൻ സ്കൂളിന്റെ മുറ്റം കരിങ്കല്ലുകൊണ്ട് കെട്ടി ഭംഗിയാക്കി. 1990-ൽ പ്ലാറ്റിനം ജൂബിലി വർഷം PTA യുടെയും KCYM ന്റെയും സഹകരണത്തോടെ സ്കൂളിലേയ്ക്ക് റോഡ് വെട്ടി വച്ചു. [illegible] സെബാസ്റ്റ്യനച്ചൻ കഞ്ഞിപ്പുര ഉണ്ടാക്കുകയും ഓഫീസ് മുറി തിരിച്ച് ഭിത്തി കെട്ടുകയും ചെയ്തു. 1991-ൽ ഇടവകയിൽ ജോർജച്ചന്റെ നേതൃത്വത്തിൽ വടമറ്റത്തിൽ ശ്രീ പോത്തൻ ഉറപ്പിച്ച് സ്കൂളിലേയ്ക്ക് വെള്ളം എടുക്കുന്നതിനായി ഒരു മോട്ടോറും അതിനാവശ്യമായി സംവിധാനങ്ങളും നൽകി. 2001 നിർമ്മൽ പദ്ധതിയുടെ മഴവെള്ള സംഭരണി നിർമ്മിച്ചു. ഉപയോഗ ശൂന്യമായ ടാങ്ക് 2017ൽ പൊളിച്ചു നീക്കി.

2014 ജൂണിൽ LKG ആരംഭിച്ചു. തുടർന്ന് UKG യും നേഴ്സറി ക്ലാസുകളിൽ പഠിപ്പിക്കുന്നതിന് അധ്യാപകരുമുണ്ട്.

2025 - 26 അധ്യയന വർഷത്തിൽ 1 മുതൽ 4 വരെ ക്ലാസുകളിൽ 32 കുട്ടികളും KG Section-ൽ 10 കുട്ടികളും പഠിക്കുന്നു. 4 അധ്യാപകർ ഉണ്ട് ഹെഡ്മിസ്ട്രസും ഒരു LPSA യുമാണ് permanent post-ൽ ജോലിചെയ്യുന്നത്. 2008 ലും 2011 ലും റിട്ടയർ ആയവർക്ക് പകരം അധ്യാപകർ Daily wage ആയി ജോലിചെയ്യുന്നു. കൂടാതെ നഴ്സറിയിൽ പഠിപ്പിക്കുന്ന 2 അധ്യാപകരും ഉച്ചഭക്ഷണം തയാറാക്കുന്ന ഒരു വ്യക്തിയും ഉണ്ട്.

നല്ല ഒരു Computer Lab 2014 ൽ നിർമ്മിച്ചു നൽകി. 2022-ൽ ഓഫീസ് കെട്ടിടം Tile ഇട്ട് നട്ട് സീലിംഗ് ചെയ്തു. 2024 ജനുവരി 24 ന് കഞ്ഞിപ്പുര പുതുതായി നിർമ്മിച്ചു നൽകി.

## നേട്ടങ്ങൾ

2024-25 അധ്യയന വർഷത്തിൽ നടന്ന വിവിധ മത്സരങ്ങളിൽ നമ്മുടെ സ്കൂളിന് ഉജ്ജ്വല വിജയം കൈവരിക്കുവാൻ സാധിച്ചു. സബ്ജില്ലാ തല വർക്ക് എക്സ്പീരിയൻസിൽ നമ്മുടെ സ്കൂളിൽ നിന്നും ആരവ് എസ് ബിജു ഫാബ്രിക് പെയിന്റിങ്ങിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. അതുകൂടാതെ സോഷ്യൽ സയൻസ് മേളയിൽ still model Ist A grade ഉം overall Ist position ഉം നേടാൻ സാധിച്ചു. വിദ്യാരംഗം കലാസാഹിത്യവേദി നടത്തിയ മത്സരങ്ങളിലും മികച്ച വിജയത്തിലെത്താൻ നമ്മുടെ സ്കൂളിന് സാധിച്ചു. work experience ൽ വെജിറ്റബിൾ പ്രിന്റിങ്ങിൽ നമ്മുടെ സ്കൂളിലെ വൈഷ്ണവ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. മാത്സ് പസിലിൽ IIIrd A grade വിജയിക്കപ്പെട്ടു.

സബ്ജില്ലാതല കലോത്സവത്തിൽ നമ്മുടെ സ്കൂളിലെ പ്രതിനിധീകരിച്ച് കുട്ടികൾ പങ്കെടുക്കുകയും പെൻസിൽ, ഡ്രോയിങ്, വാട്ടർകളർ, പ്രസംഗം എന്നിവയിൽ 1 ഉം 2 ഉം സ്ഥാനങ്ങളും മറ്റ് കുട്ടികൾ A, B, C എന്നീ ഗ്രേഡുകളിലൂടെ മികച്ച വിജയം നേടുവാനും സാധിച്ചു.

L.S.S പരീക്ഷയിൽ മികച്ച വിജയം നേടുന്നതിനു വേണ്ടിയുള്ള പരിശീലനം നടന്നുകൊണ്ടിരിക്കുന്നു.

## തനതു പ്രവർത്തനം

കുട്ടികളിൽ കണ്ടുവന്ന വായനാ കുറവും അക്ഷരങ്ങൾ തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയും പരിഹരിക്കുന്നതിനായി ഈ വർഷം മുതൽ വായനയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് സ്കൂൾ അസംബ്ലിയിൽ പത്രം വായനയും പുസ്തകവായനയും ഇന്നത്തെ ചിന്താവിഷയവും നടത്തി വരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനം കുട്ടികളെ കൂടുതൽ ഉത്സാഹിപ്പിക്കുന്നതിനോടൊപ്പം അവർക്ക് വായനയിൽ താല്പര്യവും ജനിപ്പിക്കുന്നു

വായനയ്ക്ക് പ്രാധാന്യം നൽകിയത് മൂലം കുട്ടികൾ അവരുടെ അക്ഷരത്തെക്കുറിച്ച് ബോധവാന്മാരാകുന്നതിന് സഹായിക്കുകയും ചെയ്തു.

## സ്കൂൾ നേരിടുന്ന പ്രശ്നങ്ങൾ

* കുട്ടികളുടെ എണ്ണത്തിലുള്ള കുറവ്
* 2008, 2011 വർഷങ്ങളിൽ റിട്ടയർ ചെയ്തു പോയ അധ്യാപകർക്കു പകരം സ്ഥിരം പോസ്റ്റിൽ അധ്യാപകരെ നിയമിക്കുക.
* Head Teacher നെ class ചാർജിൽ നിന്നും ഒഴിവാക്കുക.
* ലൈബ്രറി വിപുലീകരിക്കുക.
* കലാ കായിക പരിശീലനത്തിന് അധ്യാപകരെ നിയമിക്കുക

## ഭൗതിക സാഹചര്യങ്ങൾ

* ക്ലാസ് മുറികൾ Tile പതിക്കുക

* Smart class room പണിയുക

* Child friendly board എല്ലാ ക്ലാസിലും സ്ഥാപിക്കുക

* ചുറ്റുമതിൽ കെട്ടി ഗേറ്റ് വച്ച് അടവാക്കുക

## പൊതുലക്ഷ്യങ്ങൾ

- കുട്ടികളുടെ സർഗ്ഗാത്മകവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന, ജില്ലാതലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഇവ വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തും.
- സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി കുട്ടികളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തും
- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികളും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തും
- വിദ്യാർത്ഥികളുടെ കഴിവിന്റെ സമസ്ത മേഖലകളിലും വികാസം ലക്ഷ്യമിടും.
- ഓരോ വിദ്യാർത്ഥിയുടെയും സവിശേഷവും സർഗ്ഗാത്മകവുമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കും

ആവശ്യമായ അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും സവിശേഷ സന്ദർഭങ്ങൾ ഒരുക്കിയും വികസിപ്പിക്കും.

- ഓരോ കുട്ടിയുടെയും അഭിരുചി കണ്ടെത്തും
- സമാന അഭിരുചി ഉള്ളവരെ ചേർത്ത് ടാലന്റ് ഗ്രൂപ്പ് നിർമ്മിക്കും.
- വിദഗ്ദരെ കണ്ടെത്തി പരിശീലനം നൽകും.

# അക്കാദമിക പ്രവർത്തനങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതാതു ക്ലാസിൽ നേടേണ്ട ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക
- കുട്ടികളുടെ സർഗാത്മകവും അക്കാദമികവും ആയിട്ടുള്ള കഴിവുകൾ പ്രോത്സാഹിപ്പിക്കുക
- എല്ലാ കുട്ടികളും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് നേടുക
- കുട്ടികൾ നേടേണ്ട ശാസ്ത്രീയമായ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക
- [സംഖ്യാബോധം, ചതുഷ്ക്രിയകൾ, പ്രശ്ന പരിഹാര തന്ത്രനിർമിക്കൽ, നിഗമനം, ഫലപരിശോധനങ്ങൾ]
- കമ്പ്യൂട്ടർ പഠനം : ഇംഗ്ലീഷ് ടൈപ്പിംഗ് CD ഉപയോഗം
  Pendrive ഉപയോഗം, save ചെയ്യൽ
  folder ഉണ്ടാക്കൽ
- കലാ, പ്രവൃത്തി പരിചയ മികവ് നേടുക

## പഠന പരിപോഷണ പരിപാടികൾ

എല്ലാ ക്ലാസിലെയും പഠനനേട്ടങ്ങളും നേടാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ

A. മാതൃഭാഷ

(ഭാഷാവികാസം മലയാളത്തിലൂടെ)

- കുട്ടികൾ അർത്ഥപൂർണ്ണമായി സംസാരിക്കുന്നു. വായിക്കുന്നു. എഴുതുന്നു. എന്ന് ഉറപ്പാക്കൽ
- സാഹിത്യാഭിരുചി വളർത്തൽ
- എല്ലാ കുട്ടികളും പ്രായത്തിനനുയോജ്യമായ വിധം മികച്ച രീതിയിൽ ആശയവിനിമയം നടത്താനുള്ള ശേഷി നേടുക
- പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ ശരാശരി നിലവാരത്തിലെത്തിക്കൽ
- സർഗാത്മക ശേഷി വളർത്തൽ

പ്രവർത്തനങ്ങൾ

• പ്രീടെസ്റ്റ് നടത്തുന്നു.

- പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ കണ്ടെത്തുക
- കുട്ടികളെ പഠന നേട്ടത്തിൽ എത്തിക്കാൻ കഴിയുന്ന മൊഡ്യൂളുകൾ തയ്യാറാക്കുക
- പ്രത്യേക സമയം കണ്ടെത്തി മൊഡ്യൂൾ വിതരണം ചെയ്യുന്നു
- പോസ്റ്റർ രചന നടത്തി പഠന പുരോഗതി കണ്ടെത്തുന്നു.
- പത്രവായന നിർബന്ധമാക്കുന്നു.
- ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കുന്നു.
- എല്ലാ മാസവും യൂണിറ്റ് ടെസ്റ്റ് നടത്തുന്നു.
- വായനാ കുറിപ്പ് തയ്യാറാക്കുന്നു.
- ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു.
- സാഹിത്യ ശില്പശാല നടത്തുന്നു.
- വിവിധ മത്സര പരീക്ഷകൾ നടത്തുന്നു
- LSS പരീക്ഷയ്ക്ക് തയ്യാറാക്കുന്നു.

# പ്രവർത്തന കലണ്ടർ

എല്ലാ ദിവസവും നടത്തേണ്ടത്

പത്രം, ബാലമാസികകൾ, പുസ്തകങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ വായന

എല്ലാ ആഴ്ചയിലും നടത്തേണ്ടത്

വായനാക്കുറിപ്പ് തയ്യാറാക്കൽ

ബാലസഭ ചേരൽ

ദിനാചരണങ്ങൾ സംഘടിപ്പിക്കൽ

ക്വിസ് പ്രോഗ്രാം നടത്തൽ

SRG ചേരൽ

എല്ലാ മാസവും നടത്തേണ്ടത്

യൂണിറ്റ് ടെസ്റ്റ് നടത്തുന്നു.

ടെസ്റ്റ് വിശകലനം നടത്തുന്നു.

പ്രത്യേക മൊഡ്യൂൾ നിർമ്മിക്കുന്നു.

വർക്ക് ഷീറ്റ് തയ്യാറാക്കൽ

വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ

സാഹിത്യ ശില്പശാല

## ജൂൺ മാസം

- പ്രീ ടെസ്റ്റ് നടത്തുന്നു.
- ടെസ്റ്റ് വിശകലനം നടത്തുന്നു.
- പ്രത്യേക മൊഡ്യൂൾ നിർമ്മാണം.

## ജൂലൈ

- പ്രത്യേക മൊഡ്യൂൾ നിർമ്മാണം
- വാങ്മയ പരീക്ഷ
- വിവിധ മത്സര പരീക്ഷകൾ, സ്കോളർഷിപ്പുകൾ എന്നിവയുടെ പരിശീലനം തുടങ്ങുന്നു.
- Monthly test
- Mid Term Exam

## ഓഗസ്റ്റ്

- unit test
- സാഹിത്യ ശില്പശാല നടത്തുന്നു.
- Term Exam

## സെപ്റ്റംബർ

- ടേം മൂല്യനിർണയം നടത്തുന്നു.
- ദിനാചരണം.
- ഗണിതശാസ്ത്ര പ്രവൃത്തി പരിചയമേള പരിശീലനങ്ങൾ തുടങ്ങുന്നു.

## ഒക്ടോബർ

പോസ്റ്റ് ടെസ്റ്റ് → പഠന പുരോഗതി കണ്ടെത്തുന്നു.

## ഫെബ്രുവരി

- സ്കൂൾ വികാസ് ടെസ്റ്റ് നടത്തുന്നു.

# ഇംഗ്ലീഷ് ഭാഷാ വികാസം

## ലക്ഷ്യങ്ങൾ

- ഒഴുക്കോടെ വായിക്കാനും എഴുതാനും എല്ലാ കുട്ടികളെയും പ്രാപ്തരാക്കൽ
- കുട്ടികളുടെ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കൽ
- എല്ലാ കുട്ടികളെയും ഇംഗ്ലീഷിൽ ആശയവിനിമയം ചെയ്യുന്നതിന് പ്രാപ്തരാക്കൽ.

## പ്രവർത്തനങ്ങൾ

- ഇംഗ്ലീഷ് ഭാഷ സ്വായത്തമാക്കാൻ കഴിയുന്ന അന്തരീക്ഷം ഒരുക്കൽ
- വിദ്യാലയങ്ങളിലെ എല്ലാ സാധനങ്ങളുടെയും പേര് ഇംഗ്ലീഷിൽ എഴുതി പതിപ്പിക്കൽ
- വിവിധ സ്ഥലങ്ങളിൽ നിർദ്ദേശങ്ങൾ ഇംഗ്ലീഷിൽ ഒട്ടിക്കൽ
- അസംബ്ലിയിൽ നിർദ്ദേശങ്ങൾ ഇംഗ്ലീഷിൽ നൽകൽ
- ഇംഗ്ലീഷിൽ prayer song, pledge എന്നിവ ചൊല്ലുന്നു.
- English വാർത്ത വായിക്കുന്നു. കേൾക്കുന്നു.

□ തെറ്റ് കൂടാതെ എഴുതാനും വായിക്കാനും കുട്ടികളെ സജ്ജരാക്കുന്നു.

— പാഠഭാഗവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റ് നൽകുന്നു.
— ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി
— ഇംഗ്ലീഷ് ലൈബ്രറി പുസ്തക വായന
— ആഴ്ചയിലൊരിക്കൽ ഭാഷ കേളി
— ഇംഗ്ലീഷ് ബാലസഭ
— ഇംഗ്ലീഷ് കാർഡ് സജ്ജീകരിക്കൽ
— ഇംഗ്ലീഷ് പതിപ്പുകൾ
— ഇംഗ്ലീഷ് വായനാ മത്സരങ്ങൾ
— ഇംഗ്ലീഷ് ഫെസ്റ്റ് - വർഷാവസാനം

പ്രവർത്തന കലണ്ടർ

എല്ലാ ദിവസവും നടത്തേണ്ടത്.

— ഇംഗ്ലീഷ് ന്യൂസ് കേൾക്കുന്നു.
— കുട്ടികളുമായി അനൗപചാരിക സംഭാഷണം. ഇംഗ്ലീഷിൽ.

എല്ലാ ആഴ്ചയിലും നടത്തേണ്ടത്

→ ഇംഗ്ലീഷ് അസംബ്ലി

→ ഡ്രാമാ ക്ലബ്

→ ഇംഗ്ലീഷ് കഥ പറച്ചിൽ

എല്ലാ മാസവും നടത്തേണ്ടത്

→ ഇംഗ്ലീഷ് ചുവർ പത്രങ്ങൾ

→ ഇംഗ്ലീഷ് പതിപ്പുകൾ

→ ഇംഗ്ലീഷ് വായനാ മത്സരം

ജൂൺ

സ്പോക്കൺ ഇംഗ്ലീഷ്
ഇംഗ്ലീഷ് അസംബ്ലി

ജൂലൈ

ഇംഗ്ലീഷ് ലൈബ്രറി സജ്ജീകരിക്കൽ

ജനുവരി

ഇംഗ്ലീഷ് മാഗസിൻ തയ്യാറാക്കൽ

ഫെബ്രുവരി

ഇംഗ്ലീഷ് ഫെസ്റ്റ്.

## C. ക്ലബ്ബുകൾ

ലക്ഷ്യങ്ങൾ

- ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ആവിഷ്കാരത്തിനും പ്രകടനത്തിനും അവസരമൊരുക്കാൻ
- പഠനപ്രക്രിയയെ സമൂഹവുമായി ബന്ധപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ ഒരുക്കാൻ
- കുട്ടികളുടെ വ്യക്തിത്വ വികസനത്തിനുള്ള വേദി ഒരുക്കാൻ
- കുട്ടികളിൽ ആത്മവിശ്വാസം വളർത്തിയെടുക്കാൻ

പ്രവർത്തനങ്ങൾ

△ ക്ലബ്ബ് രൂപീകരണം ( ഇക്കോ , വിദ്യാരംഗം കലാസാഹിത്യ വേദി , ഇംഗ്ലീഷ് ക്ലബ്ബ് , പൊതുവിജ്ഞാന ക്ലബ്ബ് ഗണിത ശാസ്ത്ര ക്ലബ്ബ് etc. )

△ ക്ലബ്ബുകളിൽ കുട്ടികൾക്ക് അംഗത്വം നൽകുന്നു.

△ ദിനാചരണ കലണ്ടർ തയാറാക്കുന്നു.

△ ക്ലബ്ബുകളുടെ പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നു.

△ എല്ലാ ആഴ്ചയിലും ബാലസഭ

△ ശില്പശാലകൾ

പ്രവർത്തന കലണ്ടർ

ജൂൺ

ക്ലബ്ബ് രൂപീകരണം

ക്ലബ്ബുകളിൽ കുട്ടികൾക്ക് അംഗത്വം നൽകുന്നു.

അധ്യാപകർക്ക് ക്ലബ്ബിന്റെ ചുമതല നൽകുന്നു

ദിനാചരണ കലണ്ടർ തയ്യാറാക്കുന്നു.

ആഗസ്റ്റ്

ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വെജിറ്റബിൾ ഗാർഡൻ നിർമ്മാണം.

D പിന്നോക്കക്കാർക്കുള്ള പദ്ധതികൾ

(ശ്രദ്ധ, ഗണിത വിജയം

ലക്ഷ്യങ്ങൾ

English, ഗണിതം, ശാസ്ത്രം എന്നീ മേഖലകളിൽ കുട്ടികളുടെ അഭിരുചി വളർത്തൽ

- ശാസ്ത്രീയ മനോഭാവം വളർത്തൽ
- ഗണിതം, ശാസ്ത്രം എന്നീ മേഖലകളിൽ പഠനപിന്നാക്കാവസ്ഥയുള്ള കുട്ടികളെ ശരാശരി നിലവാരത്തിൽ എത്തിക്കുക

പ്രവർത്തനങ്ങൾ

പ്രീ ടെസ്റ്റ് നടത്തുന്നു.

പിന്നോക്ക മേഖല കണ്ടെത്തുന്നു

പിന്നോക്ക വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു.

മൊഡ്യൂൾ തയ്യാറാക്കുന്നു.

പോസ്റ്റ് ടെസ്റ്റ് നടത്തി നിലവാരം കണ്ടെത്തുന്നു.

സംഖ്യാബോധം ഉറപ്പിക്കുന്നതിന് സംഖ്യാ റിബൺ കുട്ടിയുപകരണങ്ങൾ നിർമ്മിക്കാൻ ഗണിതലാബ് ആവിഷ്കരിക്കുന്നു.

പ്രത്യേക പരിഗണന അർഹിക്കുന്നവരും
പാർശ്വവൽക്കരിക്കപ്പെട്ടതുമായ കുടികൾ കുട്ടികൾ
നമ്മുടെ സ്കൂളിൽ ഉണ്ട്

റാംപ് & റെയിൽ സൗകര്യം സ്കൂളിനുണ്ട്

6. എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് എഴുതുവാനും
സംസാരിക്കുവാനും കഴിയും എന്ന് ഉറപ്പുവരുത്തുവാൻ
പര്യാപ്തമായ പ്രവർത്തനങ്ങൾ ഇവിടെയുണ്ട്.

# St. Mary's L.P. School Maryland

Profile

Name of school : St. Mary's LPS Maryland

Aided / Govt : Aided

Ward No : V Maryland

CRC : kadanad

Panchayat : Kadanad

Block : Lalam

Revenue district : kottayam

Educational District : Pala

Ed. sub Districts : Ramapuram

Assembly contituency : pala

Permanent continuency : Kottayam

Email ID : smlps maryland @gmail.com

Head mistress : Beena Joseph

mobile no : 9656448690

school code : 31223

U Dise code : 32101200105

pin code : 686652

Year of Establishmen : 1915 May

## നിലവിലുള്ള ഭൗതികം

| | | |
|---|---|---|
| No of Class room | : | 4 |
| No of Toilet | : | 6 |
| No of Adapted Toilet | : | Nil |
| No of Girls friendly Toilets | : | 3 |
| No of urineal shed | : | 2 |
| Drinking water | : | Tap |
| Office Room | : | Yes |
| Staff Room | : | Yes |
| Play ground | : | Yes |
| Ramp & Rail | : | Yes |
| Computer Lab | : | Yes |
| Lap Top | : | 4 |